പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 2153 | 07/03/2017 ൽ മറുപടി നല്കേണ്ടത്. |
|---|---|

**വൃത്തിഹീനമായ ഭക്ഷണശാലകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. ബാബു** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വൃത്തിഹീനമായി പ്രവർത്തിക്കുന്ന ഭക്ഷണശാലകൾ പരിശോധിക്കുന്നതിന് ഓരോ ജില്ലയിലും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് വൃത്തിഹീനമായി പ്രവർത്തിക്കുന്ന ഭക്ഷണശാലകൾ പരിശോധിക്കുന്നതിന് നിയമസഭാ നിയോജകമണ്ഡല അടിസ്ഥാനത്തിൽ ഒരു ഫുഡ്സേഫ്റ്റി ഓഫീസറെ നിയമിച്ചിട്ടുണ്ട്. ഇതു കൂടാതെ ജില്ലാ തലത്തിൽ ജില്ലാ ഓഫീസർമാർ പരിശോധനയ്ക്കുള്ള മേൽ നോട്ടം വഹിക്കുന്നതാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി മൊബൈൽ വിജിലൻസ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. ഈ സ്ക്വാഡുകൾ അവരുടെ അധികാര പരിധിയിൽ വരുന്ന ജില്ലകളിൽഭക്ഷണശാലകൾ പരിശോധിച്ചുവരുന്നു. |
| ബി) | ഇത്തരത്തിൽ പ്രവർത്തിക്കുന്ന എത്ര ഭക്ഷണശാലകൾക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ? | ബി) | വൃത്തിഹീനമായി പ്രവർത്തിക്കുന്ന 1669 ഭക്ഷണശാലകൾക്കെതിരെ നടപടി എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ